# 424. നദീതുല്യം ശാന്തി വരട്ടെൻ വഴി




2 വരട്ടെ കഷ്ടം സാത്താനമർത്തട്ടെ
പോരാത്തതല്ലെൻ വിശ്വാസം
എൻ നിർഗ്ഗതിയെ ആദരിച്ചാനേശു
എന്നാത്മാവിന്നായ് ചിന്തിരക്തം. -ക്ഷേമം താൻ

3 തൻ ക്രൂശോടൻ പാപം സർവ്വം തറച്ചു
ഞാനതിനി വഹിക്കേണ്ടാ
ഹാ, എന്താനന്ദം, എന്താശ്ചര്യവാർത്ത
കർത്തനെ വാഴ്ത്തെ, വാഴ്ത്തെൻ ദേഹീ, -ക്ഷേമം താൻ

4 ജീവൻ എനിക്കിനി ക്രിസ്തു, ക്രിസ്തു താൻ
കവിയട്ടെൻ മീതെ യോർദ്ദാൻ
ജീവമൃത്യുക്കളിൽ നീ ശാന്തി തരു-
ന്നതാലെനിക്കാധി വന്നിടാ -ക്ഷേമം താൻ

5 സ്വർഗ്ഗം വേണം കർത്താ ശ്മശാനമല്ല
കാക്കുന്നെങ്ങൾ നിൻ വരവെ.
ദൂതകാഹളമേ കർത്തൃശബ്ദമേ
ഭാഗ്യപ്രത്യാശ, ഭാഗ്യശാന്തി. -ക്ഷേമം താൻ